Draft #3 of File 16626/AC A7/4/2019/AC A 7 Approved by ASSISTANT REGISTRAR I ACADEMIC on 31-May-2019 05:47 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അൺഎയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ്, ആർക്കിടെക്ചർ കോളേജുകളുടെ 2019-2020 അധ്യയന വർ ഷത്തേയ്ക്കുള്ള താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് 30/04/2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 2412/AC A 7/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 01.06.2019

പരാമർശം:-1) സർവകലാശാല ഉത്തരവ് നം. 419/2019/എം ജി യു. തീയതി 06/02/2019.

2) യു ഒ നം. 1775/എസി എ7/2019/എം ജി യു. തീയതി 29/04/2019.

3) 30/04/2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 115/19.03/190330.

4) സർവകലാശാലാ ഉത്തരവ് നം. 2129/എസി എ7/2019/എം ജി യു. തിയതി 18/05/2019.

5) യു ഒ നം. 2225/എ സി എ7/2019/എം ജി യു തിയതി 23/05/2019.

**ഉത്തരവ്**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന അൺഎയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ്,ആർക്കിടെക്ച്ചർ കോളേജുകളുടെ അഫിലിയേഷൻ വർഷംതോറും പുതുക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ സർവകലാശാല പരിശോധിക്കുകയും ടി വിഷയവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം സ്വാശ്രയ കോളേജുകളുടെ അക്കാദമികവും ഭൗതീകവുമായ സാഹചര്യങ്ങൾ പരിശോധിക്കുവാൻ കമ്മീഷനുകൾ രൂപീകരിക്കുകയും ചെയ്തു. 2019-20 അക്കാദമിക വർഷത്തിലെ പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെയും 25.04.2019 ൽ സർവ്വകലാശാല സിണ്ടികേറ്റ് ഹാളിൽ നടന്ന ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ അഫിലിയേഷൻ കമ്മിറ്റി നടത്തിയ ചുവടെ ചേർത്തിരിക്കുന്ന കണ്ടെത്തലുകളും ശിപാർശകളും പരാമർശം (3) പ്രകാരം അങ്ങീകരിക്കുന്നതിനു സർവ്വകലശാലാ സിണ്ടികേറ്റ് തീരുമാനിച്ചു.

**1. എസ് എൻ ജിസ്റ്ററ് ആർട്സ് ആൻഡ് സയൻസ് കോളേജ്, മനയ്ക്കപ്പടി, കറുമള്ളൂർ പി ഒ നോർത്ത് പറവൂർ.**

ടി കോളേജ് കെട്ടിടം 2.8 ഏക്കർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. ടി എഡ്യൂക്കേഷണൽ ഏജൻസിയുടെ തന്നെ കീഴിലുള്ള എൻജിനിയറിങ് കോളേജ് കാമ്പസിൽനിന്നും 2.4 ഏക്കർ സ്ഥലം ആർട്സ് ആൻഡ് സയൻസ് കോളേജിന് നൽകിയതായി മാനേജ്മെന്റ് അറിയിച്ചു. വിദ്യാർഥികൾക്ക് ഹോസ്റ്റൽ സൗകര്യവും മറ്റ് ക്രമീകരണങ്ങളും നൽകിയതായി കൂടി കോളേജ് പ്രിൻസിപ്പൽ അറിയിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട അഫിഡവിറ്റ് മെയ് 25-)o തിയതിക്ക് മുന്പായി കോളേജ് നൽകേണ്ടതാണ്. 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

**2. സേത്ത് റാം ബഹാദൂർ സിംഗ് ഗുജറാത്തി കോളേജ്, ഗുജറാത്തി റോഡ്, കൊച്ചിൻ.**

നിലവിൽ ടി കോളേജ് 2 ഏക്കർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതിയുണ്ട് എന്നും 5 ഏക്കർ സ്ഥലമാണ് കോളേജിനായി വേണ്ടത് എന്ന വിഷയത്തിൽ മാനേജ്മെന്റ് പ്രതിനിധികൾ പ്ലേ

Draft #3 of File 16626/AC A7/4/2019/AC A 7 Approved by ASSISTANT REGISTRAR I ACADEMIC on 31-May-2019 05:47 PM - Page 2

ഗ്രൗണ്ടിനും മറ്റുമായി വരുന്ന ബാക്കി സ്ഥലം കൊച്ചിൻ കോളേജിൽ നിന്നും വാങ്ങുന്നതിനായി അപേക്ഷ നൽകിയതായി അറിയിച്ചു. ടി കോളേജ് ലിംഗ്വിസ്റ്റിക് മൈനോറിറ്റി വിഭാഗത്തിൽ പെട്ടതാണ് എന്ന പരിഗണന നൽകണമെന്നും നിലവിൽ സർവകലാശാലയുമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നടക്കുന്ന റിട്ട് പെട്ടീഷൻ കേസും പരിഗണിക്കണമെന്നും കോളേജ് മാനേജ്മെന്റ് കമ്മറ്റി മുൻപാകെ അഭ്യർത്ഥിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട അഫിഡവിറ്റ് മെയ് 25-)o തിയതിക്ക് മുൻപായി കോളേജ് നൽകേണ്ടതാണ്. 2019-20 അധ്യയന വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാൻ സർവകലാശാലാ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**3. ശ്രീ നാരായണ പരമഹംസ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, മിനച്ചിൽ, പൂഞ്ഞാർ.**

കോളേജ് കെട്ടിടത്തിലെ പ്രിൻസിപ്പൽ റൂം, ലൈബ്രറി, ടോയ്‌ലെറ്റ്സ്, ഫ്‌ളോറിങ്, എന്നിവ ഉൾപ്പെടെയുള്ള 9 ക്ളാസ് മുറികൾ പൂർത്തിയാക്കാമെന്ന് കോളേജ് മാനേജ്മെന്റ് അഫിലിയേഷൻ കമ്മറ്റി മുൻപാകെ ഉറപ്പ് നൽകി. ജൂണിൽ ക്ലാസ് ആരംഭിക്കുന്നതിന് മുൻപ് ആയത് പൂർത്തിയാക്കണമെന്നും മെയ് 25 ന് ടി വിഷയവുമായി ബന്ധപ്പെട്ട് കോളേജിൽ പരിശോധന നടത്തുന്നതിന് ശിപാർശ ചെയ്തു. ഇപ്പോൾ നൽകുന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ 2019 -20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടിനൽകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**4. എ പി ജെ അബ്ദുൾകലാം സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ, മേക്കടമ്പ് പി ഒ, മൂവാറ്റുപുഴ.**

കേരളാ ഗവൺമെന്റിൽ നിന്നും ബി ആർക്ക് പ്രോഗ്രാമിന് എൻ ഒ സി ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചതായി കോളേജ് മാനേജ്മെന്റ് അറിയിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയിൽനിന്ന് കത്ത് ലഭിച്ചതായും, മെയ് 10 ന് മുൻപ് എൻ ഒ സി ലഭ്യമാക്കാം എന്നും കോളേജ് പ്രിൻസിപ്പൽ അറിയിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട് അഫിഡവിറ്റ് വാങ്ങി 2019-20 വർഷത്തേയ്ക്ക് അഫ്‌ഫിലിയേഷൻ പുതുക്കി നൽകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**5. യെൽദോ മാർ ബസേലിയോസ് കോളേജ്, കോതമംഗലം, എറണാകുളം.**

രണ്ട് ക്യാംപസുകളിലായാണ് കോളേജ് പ്രവർത്തിക്കുന്നത്. കോതമംഗലത്തു നിന്ന് പുതുപ്പാടി ക്യാമ്പസിലേയ്ക്ക് കോളേജ് മുഴുവനായി മാറ്റുവാൻ ഒരു വർഷത്തെ സമയം അനുവദിക്കണമെന്ന് കോളേജ് മാനേജ്മെന്റ് അഭ്യർഥിച്ചു. 2020-21 വർഷത്തെ ക്ളാസുകൾ ആരംഭിക്കുന്നതിന് മുൻപ് പുതുപ്പാടി ക്യാമ്പസിലേയ്ക്ക് മുഴുവൻ ക്ളാസുകളും മാറ്റാമെന്ന് കോളേജ് പ്രിൻസിപ്പലും മാനേജരും നൽകുന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടിനൽകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**6. ശ്രീ നാരായണ ആർട്സ് ആൻഡ് സയൻസ് കോളേജ്, കെടാമംഗലം, നോർത്ത് പറവൂർ, എറണാകുളം.**

കോളേജിന് സർവകലാശാല നൽകിയ അഫിലിയേഷൻ റദ്ദ് ആക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസിന് ലഭിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വികരിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു.

**7. ശ്രീ ധർമശാസ്താ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, നേര്യമംഗലം, കോതമംഗലം.**

പുതിയ കോളേജ് കെട്ടിടം, കോളേജിന് പ്രത്യേകം വഴി എന്നിവയ്ക്കായി ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട് എന്നും ക്വാളിഫൈഡ് ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ കമ്മറ്റിയെ അറിയിച്ചു. ടി വിഷയവുമായി ബന്ധപ്പെട്ട് ദേവസ്വം ബോഡ് സെക്രട്ടറി ഒരു വർഷത്തിനുള്ളിൽ ആയത് പൂർത്തിയാക്കാമെന്ന അഫിഡവിറ്റ് നൽകണമെന്നും ടി വിഷയം സെക്രട്ടറിയെ അറിയിക്കുവാനും അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാനും സിൻഡിക്കേറ്റ് തീരുമാനിച്ചു.

**8. വൈ എം സി എ കോളേജ് എരുമത്തല പി ഒ, ആലുവ.**

ലൈബ്രറിയിലേക്ക് കൂടുതൽ ബുക്കുകൾ, അഡീഷണൽ കംപ്യൂട്ടറുകൾ, വിദ്യാർഥികൾക്കായി പ്ളേ ഗ്രൗണ്ട് എന്നിവ 6 മാസങ്ങൾക്കുള്ളിൽ ചിട്ടപ്പെടുത്തേണ്ടതാണ് എന്നും ആയതിലേയ്ക്കായി അഫിഡവിറ്റ് വാങ്ങി 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്നും സിൻഡിക്കേറ്റ് തീരുമാനിച്ചു.

**9. എസ് സി എം എസ് സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ, വിദ്യാനഗർ, കറുകുറ്റി, എറണാകുളം.**

ടി കോളേജിന്റെ കെട്ടിടം പണി പൂർത്തിയായതായി കമ്മറ്റി വിലയിരുത്തി. 2019 -20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

**10. എം ഇ എസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് എടത്തല നോർത്ത് പി ഒ, എറണാകുളം.**

1 ഏക്കർ സ്ഥലത്താണ് കോളേജ് സ്ഥിതി ചെയ്യുന്നത്. 500 മീറ്റർ അകലെ 5 ഏക്കർ സ്ഥലം ഡിമാർക്കേറ്റ് ചെയ്തിട്ടുണ്ട്. ആയത് ഉൾപ്പെടെയുള്ള പ്ളേഗ്രൗണ്ട് ഫെൻസ് ചെയ്യണമെന്ന് കമ്മറ്റി നിർദേശിച്ചു. കൂടാതെ നിലവിൽ കോളേജ് സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്ന് 5 ഏക്കർ സ്ഥലം വാങ്ങുവാനുള്ള നടപടികൾ ആരംഭിച്ചതായി മാനേജ്മെന്റ് അറിയിച്ചു. ആയതിലേയ്ക്കായി അഫിഡവിറ്റ് വാങ്ങി 2019-20 അധ്യയന വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

**11. ഫാദർ പോരുകര സി എം ഐ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഗാഗുൽഥ**

**മൊണാസ്റ്ററി ക്യാംപസ്, ചമ്പക്കുളം, കുട്ടനാട്, ആലപ്പുഴ.**

സ്കൂൾ, ആർട്സ് ആൻഡ് സയൻസ് കോളേജ്, ബിഎഡ് കോളേജ് എന്നിവ ഡിമാർക്കേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ടും ആർട്സ് ആൻഡ് സയൻസ് കോളേജിന് പ്രേത്യേകം പ്ലേ ഗ്രൗണ്ട് എന്നിവ അടുത്ത അധ്യയന വർഷ ആരംഭത്തിന് മുൻപ് ക്രമീകരിക്കുന്നത് സംബന്ധിച്ചും അഫിഡവിറ്റ് കോളേജ് അധികാരികൾ സർവകലാശാലയ്ക്ക് നൽകേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

**12. ശ്രീമഹാദേവ കോളേജ്, അയ്യർകുളങ്ങര, വൈക്കം.**

പ്ളേ ഗ്രൗണ്ട് തയ്യാറായതായും, അധ്യാപകർക്ക് മതിയായ വേതനം നൽകുന്നതായും മാനേജ്മെന്റ് അറിയിച്ചു. 2019-20 അധ്യയന വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

**13. ശബരിദുർഗ്ഗ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കുളത്തൂർ, പത്തനംതിട്ട.**

ലൈബ്രറി, പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും കൂടുതൽ ബുക്കുകൾ വാങ്ങുന്നതിനും നവംബർ 30 വരെ സമയം അനുവദിക്കാനും ആയത് സംബന്ധിച്ച് പ്റത്യേകം അറിയിപ്പ് നൽകാനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടിനൽകാവുന്നതാണ് എന്നും സിൻഡിക്കേറ്റ് തീരുമാനിച്ചു.

**14. അമാൻ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, പായിപ്പാട്, ചങ്ങനാശ്ശേരി.**

ക്ലാസ് റൂം, ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നതിനും കെട്ടിടം പണി പൂർത്തിയാക്കുന്നതിനും നവംബർ 30 വരെ സമയം അനുവദിച്ചു. ടി വിഷയം സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി മെയ് 25ന് ഇൻസ്പെക്ഷൻ നടത്തുവാനും ഇതുസംബന്ധിച്ച് അഫിഡവിറ്റ് സർവകലാശാലയിൽ സമർപ്പിക്കുവാൻ കോളേജിന് നിദ്ദേശം നൽകുവാനും തീരുമാനിച്ചു. പരിശോധന സമിതി അംഗമായി പ്രൊ. മുരളി എം എസ്-നെ നിയമിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 അധ്യയന വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

**15. കോളേജ് ഓഫ് അപ്പ്ലൈഡ് സയൻസ്, മല്ലപ്പള്ളി വെസ്റ്റ്, പത്തനംതിട്ട.**

ടി കോളേജിന്റെ വിദ്യാഭ്യാസ ഏജൻസിയുടെ തന്നെ കീഴിലുള്ള എൻജിനിയറിങ് കോളേജിന്റെ കാമ്പസിൽ നിന്നും 5 ഏക്കർ സ്ഥലം വേർതിരിച്ച് ടി സ്ഥലത്തുള്ള കെട്ടിടം ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ഉപയോഗത്തിനായി അനുവദിച്ച വിവരം പ്രിൻസിപ്പൽ അറിയിച്ചു. ഇതു സംബന്ധിച്ച് നിയമപരമായി സർവ്വകലാശാലയെ സമീപിക്കുവാൻ നവംബർ 30 വരെ സമയം അനുവദിച്ചു. കെട്ടിട മാറ്റത്തിനായി ഫീസ് അടച്ച് അപേക്ഷ ഉടൻ സമർപ്പിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 അധ്യയന വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ് എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

**16. കോളേജ് ഓഫ് അപ്പ്ലൈഡ് സയൻസ്, ഗവണ്മെന്റ് ഹൈസ്കൂൾ ക്യാംപസ്, പേട്ട, കാഞ്ഞിരപ്പള്ളി.**

പുതിയ കോളേജ് കെട്ടിടത്തിനായി എം എൽ എ ഫണ്ട് വകയിരുത്തിയതായി പ്രിൻസിപ്പൽ അറിയിച്ചു. നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് തീരുമാനിക്കാൻ ശിപാർശ ചെയ്യുന്നു.

**17. കോളേജ് ഓഫ് അപ്പ്ലൈഡ് സയൻസ്, മഠത്തിൽ ആർക്കേട്, ഇരട്ടയാർ റോഡ്, കട്ടപ്പന.**

പുതിയ കോളേജ് കെട്ടിടത്തിനായി എം എൽ എ ഫണ്ട് വകയിരുത്തിയതായി പ്രിൻസിപ്പൽ അറിയിച്ചു. കോളേജിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് തീരുമാനിക്കാൻ ശിപാർശ ചെയ്യുന്നു.

**18. കോളേജ് ഓഫ് അപ്പ്ലൈഡ് സയൻസ്, നോർത്ത് പറവൂർ, പുത്തൻവേലിക്കര.**

50 സെൻറ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും 2 ഏക്കർ സ്ഥലം പാട്ടത്തിനായും ഏറ്റെടുക്കുമെന്നും പുതിയ കെട്ടിടത്തിനായി എം എൽ എ ഫണ്ട് വകയിരുത്തിയതായും പ്രിൻസിപ്പൽ അറിയിച്ചു. പാവപ്പെട്ട കുടുംബങ്ങളിലെ 250ൽ അധികം വിദ്യാർഥികൾ പഠനം നടത്തുന്ന സ്ഥാപനം എന്ന പരിഗണന നൽകണമെന്നും പ്രിൻസിപ്പൽ അറിയിച്ചു. കോളേജിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് തീരുമാനിക്കാൻ ശിപാർശ ചെയ്യുന്നു

**19. കേസരി ആർട്സ് ആൻഡ് സയൻസ് കോളേജ്, നോർത്ത് പറവൂർ.**

യു ജി സി റെഗുലേഷൻസ് പ്രകാരമുള്ള 5 ഏക്കർ സ്ഥലം ടി കോളേജിന് ബാധകമല്ല എന്ന് മാനേജ്മെൻറ് അറിയിച്ചു. മുൻകമ്മറ്റി തീരുമാനപ്രകാരം സ്റ്റാന്റിംഗ് കൗൺസിലിന്റെ ഉപദേശംതേടി തിരുമാനമെടുക്കാൻ ശിപാർശ ചെയ്യു .

**20. ജവാഹർലാൽ നെഹ്റു ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ്, ബാലഗ്രാം.**

കെട്ടിടം പണി 2019 ജൂൺ 1ന് മുൻപ് പൂർത്തിയാക്കാം എന്ന അഫിഡവിറ്റ് സർവ്വകലാശാലയിൽ കോളേജ് സമർപ്പിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 അധ്യയന വർഷത്തേയ്ക്ക്

Draft #3 of File 16626/AC A7/4/2019/AC A 7 Approved by ASSISTANT REGISTRAR I ACADEMIC on 31-May-2019 05:47 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ്.

**21. മാർ ഏലിയാസ് കോളേജ്, കോട്ടപ്പടി, കോതമംഗലം.**

കേരളാ ഗവണ്മെന്റ് ബി.സി.എ. കോഴ്സിനായി അംഗീകാരം നൽകിയ 30 സീറ്റ് നിലനിർത്തുവാനും, ക്യാപിൽ വേണ്ട ഭേദഗതി വരുത്തുവാനും 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ്.

**22. ഗുരു നാരായണ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, തൊടുപുഴ.**

കോളേജ് കോമ്പൗണ്ടിലെ കൈത കൃഷി ഉടൻ നിർത്തലാക്കണമെന്നും, ലൈബ്രറി പുതിയ റൂമിലേയ്ക്ക് മാറ്റുന്നതിനും, 2019 ജൂൺ 1 വരെ സമയം അനുവദിച്ചു. കൂടാതെ 5 ഏക്കർ സ്ഥലം ഫെൻസിംഗ് നടത്തി പ്ലേ ഗ്രൗണ്ട് മറ്റ് അനുബന്ധ സൗകര്യങ്ങൾ നവംബർ 30ന് മുൻപ് പൂർത്തിയാക്കാമെന്ന അഫിഡവിറ്റ് ടി കോളേജ് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ്.

**23. എച്ച്.എം ആർട്സ് ആൻഡ് സയൻസ് കോളേജ്, രണ്ടാർകര.**

ക്ലാസ് റൂം, ക്യാംപസ് എന്നിവ ഭംഗിയായി ക്രമീകരിക്കുവാൻ 2019 മെയ് 28 വരെ സമയം നൽകുവാനും, ടി വിഷയത്തിലെ പുരോഗതി സംബന്ധിച്ച് മെയ് 25 ന് ഇൻസ്പെക്ഷൻ നടത്തുവാനും തീരുമാനിച്ചു. പരിശോധനസമിതിയായി ഡോ. ആർ.പ്രഗാഷ്-നെ നിയമിച്ചു. 2019-20 അധ്യയന വർഷത്തേയ്ക്ക് അഫിലിയേഷൻ നീട്ടി നൽകാവുന്നതാണ്.

പരാമർശം (3) സിൻഡിക്കേറ്റ് മിനിട്സ് പ്രകാരം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

സ്റ്റാലിൻ .പി. എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ.
2. ഡോ ആർ. പ്രഗാഷ്, മെമ്പർ സിൻഡിക്കേറ്റ്.
3. ഡോ. എം എസ് മുരളി, മെമ്പർ സിൻഡിക്കേറ്റ്.
4. വൈസ്ചാൻസലർ/പ്രോവൈസ്ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
5. റെജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ.
6. ജെ ആർ/ഡി ആർ/എ ആർ (അക്കാദമിക്/ഫിനാൻസ്).
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ, ഐ ക്യൂ എ സി/സ്റ്റോക് ഫയൽ/ഫയൽ കോപ്പി.

Draft #3 of File 16626/AC A7/4/2019/AC A 7 Approved by ASSISTANT REGISTRAR I ACADEMIC on 31-May-2019 05:47 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം